5. തടയണ നിർമ്മാണം

ശ്രീ. [redacted]. എം. ഹംസ : സർ, ചേലക്കര, ഒറ്റപ്പാലം അസംബ്ലി മണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിനു വേണ്ടി എ.എസ്. ലഭിക്കുകയുണ്ടായി. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലാണ് തടയണ നിർമ്മിക്കാൻ തീരുമാനിച്ചത്. ചേലക്കര എം.എൽ.എ. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ അദ്ദേഹം മുൻകയ്യെടുത്താണ് തടയണ നിർമ്മിക്കാൻ എ.എസ്. ലഭിച്ചത്. തടയണയുടെ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. ജെ. ജോസഫ് തറക്കല്ലിടുകയും തടയണയുടെ നിർമ്മാണം തുടങ്ങുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ പണി പൂർത്തിയാക്കാൻ കഴിയില്ലെന്ന സ്ഥിതി വന്നപ്പോൾ, UIDSSMT സ്കീം പ്രകാരമുള്ള കുടിവെള്ള പദ്ധതി നടപ്പാക്കണമെങ്കിൽപ്പോലും തടയണയുടെ നിർമ്മാണം പൂർത്തിയാക്കണമെന്നുള്ളതു കൊണ്ട് നഗരകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് മന്ത്രി ശ്രീ. പി. ജെ. ജോസഫുമായിച്ചേർന്ന് ഒരു മന്ത്രിതല യോഗം ചേരുകയും യോഗ തീരുമാനം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരികയും UIDSSMT ഫണ്ട് തടയണ നിർമ്മാണത്തിന് നൽകാൻ തീരുമാനിക്കുകയും ചെയ്തു. അതിനുവേണ്ടി ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ 175/14 നമ്പർ ഉത്തരവുപ്രകാരം 30 കോടി രൂപയുടെ ഓർഡറായി. മന്ത്രിസഭ തീരുമാനമനുസരിച്ച് ജലസേചന വകുപ്പ് 3-3-2015-ന് 24/2015 നമ്പർ ആയി ഉത്തരവിട്ടു. മന്ത്രിതല യോഗം ചേരുകയും രണ്ട് ക്യാബിനറ്റ് ഉത്തരവുകളുണ്ടാവുകയും മന്ത്രി തറക്കല്ലിട്ട് 70 ശതമാനം പണി പൂർത്തിയാവുകയും ചെയ്തിട്ടും സാമ്പത്തിക പ്രതിസന്ധികാരണം തടയണ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ UIDSSMT ഫണ്ടിൽ 18 കോടി രൂപയുണ്ട്. ആ ഫണ്ട് ടി തടയണനിർമ്മാണത്തിനായി കൊടുക്കണമെന്ന് ക്യാബിനറ്റ് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ വിഷയത്തിൽ ഇടപെടുകയും ചെയ്തു. എന്നിട്ടും അത് നടപ്പാക്കാൻ കഴിയുന്നില്ല. എല്ലാ പ്രവൃത്തികളെയും പോലെയല്ല തടയണ നിർമ്മാണം. തടയണ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവൃത്തിയാണ്. വേനൽക്കാലത്ത് വളരെ ചുരുങ്ങിയ സമയം കൊണ്ട് നിർമ്മിച്ചാൽ മാത്രമേ തടയണ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊരു പ്രത്യേക പ്രശ്നമായി ഏറ്റെടുത്ത് ക്യാബിനറ്റ് തീരുമാനം നടപ്പാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മന്ത്രിസഭയുടെ തീരുമാനം നടപ്പാക്കി തടയണ നിർമ്മാണം വളരെ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് വളരെ വിനയത്തോടെ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ കടിവെള്ള പദ്ധതിക്കായി 18 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ട് കോസ്റ്റ് വർദ്ധിച്ച് 30 കോടി രൂപയായതിനാൽ ആ തുകയുള്ള ഭരണാനുമതി കൊടുക്കുകയും ചെയ്തു. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള സ്രോതസ്സ് എന്ന നിലയിൽ ഈ തടയണയുള്ള പ്രാധാന്യം അറിയാം. അത് പൂർത്തിയാക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇപ്പോൾ 10,11,53,000 രൂപയുള്ള അംഗീകാരത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. ഏറ്റവും വേഗത്തിൽ അതിന് അനുമതി നൽകുന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

6. ഒഴിഞ്ഞുകിടക്കുന്ന പ്രധാന തസ്തികകൾ

ശ്രീ. പി. ഉബൈദുള്ള : സർ, മലപ്പുറം ജില്ലാ ഭരണസിരാകേന്ദ്രം നാഥനില്ലാ കളരിയായി മാറിയിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും അതുമൂലമുള്ള ഭരണ സ്തംഭനവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. 50 ലക്ഷത്തോളം വരുന്ന ജനങ്ങൾ അധിവസിക്കുന്ന ജില്ലയിൽ ജില്ലാ ഭരണകൂടത്തിലെ പ്രധാന തസ്തികകളെല്ലാം ഒഴിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ രണ്ട് മാസമായി ഇവിടെ കളക്ടർ ഇല്ല. ഇപ്പോൾ പുതിയ കളക്ടറെ നിയമിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും ഇതുവരെയും ചാർജ്ജെടുത്തിട്ടില്ല. എ.ഡി.എം. തസ്തികയും മാസങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. കളക്ടറുടെയും എ.ഡി.എം.-ന്റെയും ചുമതലകൾ വഹിച്ചിരുന്നത് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറായിരുന്നു. വ്യത്യസ്ത ആവശ്യങ്ങൾക്കായി സിവിൽ സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരില്ലെന്ന കാരണത്താൽ നിരാശയോടെ മടങ്ങേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള ജില്ലയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഇല്ല. 110 ഗ്രാമപഞ്ചായത്തുകളും 15 ബ്ലോക്ക് പഞ്ചായത്തുകളുമുള്ള ജില്ലയിലെ പഞ്ചായത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനും നേതൃത്വം നൽകേണ്ട ഡി.ഡി.പി.-യും എ.ഡി.പി.-യും ഇല്ല. രണ്ടിന്റെയും ചുമതല സീനിയർ സൂപ്രണ്ടിനാണ്. നഗരങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണം, നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം തുടങ്ങിയ ആവശ്യങ്ങൾക്ക് ജനങ്ങൾ ആശ്രയിക്കുന്ന ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ

LIBRARY ARCHIVES Kerala Legislative Assembly